# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3493** — **14.03.2017-ൽ മറുപടിക്ക്**

## എ.ഐ.എസ്.എഫ്.കാർക്കെതിരെ നടന്ന അക്രമം

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എ.ഐ.എസ്.എഫ്. ജില്ലാസമ്മേളനം തൃപ്രയാറിൽ നടക്കുമ്പോൾ ശ്രീരാമ പോളിടെക്നിക്-ൽ എ.ഐ.എസ്.എഫ്.-കാർക്കെതിരെ അക്രമം നടത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ആർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്; അവർ ഏത് വിദ്യാർത്ഥി സംഘടനയിൽ പ്രവർത്തിക്കുന്നവരാണ്; | (എ) ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളായ സന്ദീപ്, മുഹമ്മദ് ജാസിം, ജിനീഷ്, അഖിൽ, ജിതിൻ, അദീബ് എന്നീ 6 പേർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്. |
| (ബി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ 03/02/2017 തീയതി വലപ്പാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 187/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) അക്രമകാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ രാഷ്ട്രീയ കാരണങ്ങളാൽ പോലീസ് മടിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ കർശനനടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി കേസിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും കേസ് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ